www.gospelinmalayalam.com

## CHAPTER -2

തെസ്സലോനിക്യസഭയിൽ അന്ത്യനാളുകളെപ്പറ്റിയും, കർത്താവിന്റെ വരവിനെപ്പറ്റിയും നിലനിന്ന ചില "ആശയക്കുഴപ്പം" പരിഹരിക്കയാണ് വി. പൗലൂസ് ഈ രണ്ടാം അദ്ധ്യായത്തിലൂടെ ചെയ്തിരിക്കുന്നത്.

### BEGINING OF THE DAY OF THE LORD 2:1-5

Day of the Lord : യഹോവയുടെ ദിവസം? ഇതു പഴയനിയമത്തിൽ പ്രവാചക ശബ്ദം ധാരാളം ഈ വിഷയത്തെപ്പറ്റി വിവരിക്കുന്നുണ്ട്.

Isa 13:6-9 *യഹോവയുടെ ദിവസം സമീപിച്ചിരിക്കകൊണ്ടു മുറയിടുവിൻ; അതു സർവ്വശക്തങ്കൽനിന്നു സർവ്വനാശംപോലെ വരുന്നു. അതുകൊണ്ടു എല്ലാ കൈകളും തളർന്നുപോകും; സകലഹൃദയവും ഉരുകിപ്പോകും. അവർ ഭ്രമിച്ചുപോകും; വേദനയും ദുഃഖവും അവർക്കു പിടിപെടും; നോവു കിട്ടിയ സ്ത്രീയെപ്പോലെ അവർ വേദനപ്പെടും; അവർ അന്യോന്യം തുറിച്ചുനോക്കും; അവരുടെ മുഖം ജ്വലിച്ചിരിക്കും. ദേശത്തെ ശൂന്യമാക്കുവാനും പാപികളെ അതിൽനിന്നു മുടിച്ചുകളവാനും യഹോവയുടെ ദിവസം ക്രൂരമായിട്ടു ക്രോധത്തോടും അതികോപത്തോടും കൂടെ വരുന്നു.*

Zeph 1:14-16 *യഹോവയുടെ മഹാദിവസം അടുത്തിരിക്കുന്നു; അതു അടുത്തു അത്യന്തം ബദ്ധപ്പെട്ടുവരുന്നു; കേട്ടോ യഹോവയുടെ ദിവസം! വീരൻ അവിടെ കഠിനമായി നിലവിളിക്കുന്നു. ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം, ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി കാഹളനാദവും ആരവവും ഉള്ള ദിവസം തന്നേ.*

ദൈവത്തിന്റെ ന്യായവിധി ലോകത്തിന്മേൽ വരുന്നതാണ് വിഷയം. എന്നാൽ ഇത് എപ്പോൾ വരും? ഈ സംഭവങ്ങളുടെ order of occurance എപ്രകാരം? ഇത് പഴയനിയമത്തെയും പുതിയനിയമത്തെയും ഒന്നിച്ചു പഠിച്ചാൽ മാത്രമേ ലഭിക്കുകയുള്ളൂ.

1 Thes 5:2 *കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ.*

Paul എഴുതി കർത്താവിന്റെ നാൾ കള്ളനെ പോലെ വരും. ഈ ദിവസം വന്നു കഴിഞ്ഞോ? തെസ്സലോനിയക്കാർ സഹിക്കുന്ന പീഢനം "മഹോപദ്രവ കാലത്തെ" കഷ്ടം തന്നെയോ? തങ്ങൾ എടുക്കപ്പെടാതെ പോയോ? Rapture of the Church കഴിഞ്ഞോ? ആകെ confusion. പലതരം interpretation. ഈ സംശയങ്ങളെ ദുരീകരിക്കയാണ് 2 Thess ൽ വി. പൗലൂസ് ചെയ്യുന്നത്.

2:1 1:5-10 വരെ ഈ വിഷയത്തെപ്പറ്റി സൂചന കൊടുത്തശേഷം വി.പൗലൂസ് "കർത്താവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുളള നമ്മുടെ ചേർക്കലും" എന്ന വിഷയത്തിലേക്കു കടക്കുന്നു.

fleettech@gmail.com

www.gospelinmalayalam.com

2:2 കർത്താവിന്റെ നാൾ സംബന്ധിച്ച് തെസ്സലോനിക്യയിലെ പുത്തൻ വിശ്വാസികൾ ഇളകി **സുബോധം** വിട്ടു. ഇതിനു കാരണം പലതാണ്. പല ഉപദേഷ്ടാക്കളും ഇവരുടെ ഇടയിൽ കടന്നു വന്നു. **Day of the Lord** തുടങ്ങി. ചിലർ പറഞ്ഞു തങ്ങൾക്ക് കർത്താവിൽ നിന്നും ലഭിച്ച ദർശനമാണിത്. ചിലർ പറഞ്ഞു ഞങ്ങൾ ഇത് കേട്ടതാണ്. സംഗതി വലിയ confusion. Day of the Lord "യഹോവയുടെ ദിവസം" തുടങ്ങിയെങ്കിൽ കർത്താവിന്റെ വരവ് കഴിഞ്ഞു പോയോ?

2:3 ചതിക്കപ്പെടരുത്. എല്ലാ ഉപദേശങ്ങളെയും കണ്ണടച്ച് സ്വീകരിക്കരുത്. ദൈവ വചനവുമായി താരതമ്യം ചെയ്യണം.

Eph 4:14 *അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ*

വി. പൗലൂസ് നടക്കേണ്ട സംഭവങ്ങളുടെ ചുരുൾ നിവർത്തുന്നു.

(A) വിശ്വാസത്യാഗം സംഭവിക്കും. Apostasy : Rebellion, Falling away.

Abandoning the position once held.

ഇത് സഭയുടെ ഉള്ളിൽ നടക്കും. ദൈവത്തിന്റെ വചനത്തിൽ നിന്നും പൂർണ്ണമായ മാറ്റം. വിശ്വാസത്യാഗം. (കുറെയെങ്കിലും എക്കാലത്തും സഭക്കുള്ളിൽ വിശ്വാസത്തിൽ നിന്നുള്ള മാറ്റം സംഭവിച്ചിട്ടുണ്ട്). എന്നാൽ ഇവിടെ പറയുന്ന വിശ്വാസത്യാഗം പൂർണ്ണമായി നടക്കേണ്ട സംഭവമാണ്. ഇതു പുതിയ നിയമത്തിൽ വളരെയധികം പ്രതിപാദിച്ചിട്ടുള്ള വിഷയമത്രെ.

[1 Thes 4:1-3, 2 Tim 3:1-5, 4:3-4, James 5:1-8, 2 Peter 2, 3:3-6, Jude]

1 Tim 4:1-3 *എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും.*

2 Tim 3:1-5 *അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക.*

2 Tim 4:3-4 *അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന്നു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും*

fleettech@gmail.com

www.gospelinmalayalam.com

James 5:1-8 *അല്ലയോ ധനവാന്മാരേ, നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു; ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അതു തീപോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും. അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു. നിങ്ങളുടെ നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവല്ലോ; അതു നിങ്ങളുടെ അടുക്കൽനിന്നു നിലവിളിക്കുന്നു. കൊയ്തവരുടെ മുറവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ചു പുളെച്ചു കുലദിവസത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു. നിങ്ങൾ നീതിമാനെ കുറ്റംവിധിച്ചു കൊന്നു; അവൻ നിങ്ങളോടു മറുത്തുനില്ക്കുന്നതുമില്ല. എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിന്നു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിന്നു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു*

2 Peter 3:3-6 *അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചുനടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ. ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും*

പ്രധാനമായും സുവിശേഷസത്യങ്ങൾക്ക് opposite ആയ സംഗതി സഭയിൽ നടക്കും.

(B) **അധർമ്മമൂർത്തി വെളിപ്പെട്ടു വരും.**

യിസ്രായേലുമായി covenant ഉണ്ടാക്കുമ്പോൾ തന്നെ ഇവനെ മനസ്സിലാകും.

Dan.9:27( a) *അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ളേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.*

2:4 അവനെത്തന്നെ ആരാധനാ പാത്രം ആക്കും. All by force.

Rev 13:5-8 *വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണ ത്തിന്നായി വായ്തുറന്നു. വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു; സകല*

fleettech@gmail.com

www.gospelinmalayalam.com

ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും.

Rev 13:1-10 അപ്പോൾ പത്തുകൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷ്ണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു. മൃഗത്തിന്നു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്ക്കരിച്ചു: മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു. വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിന്നായി വായ് തുറന്നു. വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു; സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ. അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണതയും വിശ്വാസവും കൊണ്ടു ആവശ്യം.

സമുദ്രത്തിൽ നിന്നും കയറി വരുന്ന മൃഗം.

Rev 17:3 അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു.

Rev 17:8 നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ നിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു; ഉണ്ടായിരു ന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും.

Rev 17:16 നീ കണ്ട പത്തു കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ചു ശൂന്യവും നഗ്നവുമാക്കി അവളുടെ മാംസം തിന്നുകളയും; അവളെ തീകൊണ്ടു ദഹിപ്പിക്കയും ചെയ്യും.

fleettech@gmail.com

www.gospelinmalayalam.com

Rev 19:19-20 *കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്!വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു. മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചു കെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു.*

Rev 20:10 *അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും.*

1 John 2:18 *കുഞ്ഞുങ്ങളേ, ഇതു അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്നു നമുക്കു അറിയാം.*

Anti Christ. He will be a real human being.

**Mystery of Lawlessness** 2:6-12

2:6 ഇപ്പോൾ തടുക്കുന്നത് : Presently restraining the revelation.

Holy Spirit. ദൈവത്തിന്റെ പരശുദ്ധാത്മാവ്

2:7 **"Secret power'of Lawlessness"**- അധർമ്മത്തിന്റെ മർമ്മം.

സാത്താന്റെ രഹസ്യ തന്ത്രങ്ങളെ മനസിലാക്കവാനും തടയുവാനും നമ്മിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മാവിനു കഴിയും.

Rom 16:26 *ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തുമുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ.*

1 Cor 2:6-12 *എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാനമല്ല നശിച്ചുപോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല; ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അതു ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല; അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു. 'ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല.' എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളതു അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നല്കിയതു അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചതു.*

fleettech@gmail.com

www.gospelinmalayalam.com

Eph 1:9 *അവനിൽ താൻ മുന്നിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു.*

Eph 3:3-5 *ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ വെളിപ്പാടിനാൽ എനിക്കു ഒരു മർമ്മം അറിയായ്‌വന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അതുവായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ് വന്നിരുന്നില്ല.*

Col 1:25-27 *നിങ്ങൾക്കു വേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിന്നു ഞാൻ സഭയുടെ ശുശ്രൂഷകനാ യിരിക്കുന്നു. അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.*

'Revelation of a future climax of lawlessness.'

അധർമ്മത്തിന്റെ മർമ്മം.

ഇടക്കിടക്ക് satan ഈ trick കാണിക്കുന്നു. എന്നാൽ വഴിയിൽ തടയുന്നവൻ - ദൈവത്തിന്റെ പരിശുദ്ധാത്മാവ് - സമയത്തിനു മുമ്പേ അധർമ്മമൂർത്തി വെളിപ്പെടാതെ തടയുന്നു.

സഭയുടെ Rapture ൽ Holy Spirit ഉം മടങ്ങിപ്പോകും

2:8 സഭ എടുക്കപ്പെട്ടു കഴിഞ്ഞാൽ, പരിശുദ്ധാത്മാവ് ഭൂമിയിൽ നിന്നും മാറ്റപ്പെട്ടാൽ അധർമ്മമൂർത്തി വെളിപ്പെടും. തടയാൻ ആരുമില്ല. ലോകം ഒരു വലിയ വിപത്തിലേക്കു വീഴും. (7 വർഷം).

He is powerful. He will control people. But he will be distroyed by the breath of Lord Jesus.

Rev 13:2 *ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു.*

സാത്താൻ ദൈവശക്തിയെയും ദൈവീക അത്ഭുതങ്ങളെയും duplicate ചെയ്യാൻ ശ്രമിക്കും. ഇത് Genesis മുതൽ Revelation വരെയും നമുക്ക് കാണാം. അവൻ super natural power ലോകരെ കാണിക്കും.

Rev 13:2-4 *ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും*

fleettech@gmail.com

www.gospelinmalayalam.com

*കൊടുത്തു. അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു.*

Rev 17:8 *നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ നിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു; ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും.*

2:10 ഇന്ന് സുവിശേഷം ലോകത്തിലുണ്ട്. അതും ഒന്നാം നൂറ്റാണ്ടിൽ അത്ഭുതങ്ങളോടും അടയാളങ്ങളോടും കൂടെയാണ് പ്രദർശിപ്പിക്കപ്പെട്ടത്. ദൈവശക്തിയോടെ നമുക്കായി തന്നിരിക്കുന്നു സുവിശേഷം. അത് നിരസിക്കുന്നവർ ഒടുവിൽ സാത്താന്റെ ഭോഷ്ക് വിശ്വസിക്കേണ്ടി വരും.

2:11 എല്ലാവരും രക്ഷിക്കപ്പെടണമെന്നത് ദൈവത്തിന്റെ ഹിതവും ആഗ്രഹവും ഉദ്ദേശ്യവും ആണ്. എന്നാൽ സുവിശേഷം വിശ്വസിക്കാത്തവർ ഭോഷ്ക് വിശ്വസിക്കേണ്ട സ്ഥിതി വരും.

Rom 1:18-25 *അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ.*

മനുഷ്യൻ തെറ്റിനെ സ്വീകരിക്കുന്നു. സത്യത്തെ തിരസ്കരിക്കുന്നു. അവർ ശിക്ഷാവിധി തങ്ങളുടെമേൽ വരുത്തിവയ്ക്കുന്നു.

വിശുദ്ധ പൗലൂസ് തെസ്സലോനിക്യരെ പറഞ്ഞു മനസ്സിലാക്കുന്നത്.

Rapture കഴിഞ്ഞിട്ടില്ല. യഹോവയുടെ ദിവസം വന്നിട്ടില്ല. യഹോവയുടെ ദിവസം വരുന്നതിനു മുമ്പ് മൂന്ന് കാര്യങ്ങൾ കാണാം.

1. വിശ്വാസ ത്യാഗം. (Turning away from the truth of God)

fleettech@gmail.com

www.gospelinmalayalam.com

2. ഇപ്പോൾ തടയുന്നവൻ വഴിയിൽ നിന്ന് മാറും. (പരിശുദ്ധാത്മാവ് Raptureൽ ദൈവസഭയോടോത്ത് എടുക്കപ്പെടും.)

3. അധർമ്മ മൂർത്തി വെളിപ്പെടണം. (Man of Lawlessness - Anti Christ)

Thanks giving and Prayer 2:13-17

2:13-15 Thanking for calling - വിളിക്കപ്പെട്ടതിനായി സ്തോത്രം

തെസ്സലോനിക്യർക്കായി ദൈവത്തിന് സ്തോത്രം.

തിരഞ്ഞെടുക്കപ്പെട്ടവരാകയാൽ നന്ദി.

Eph 1:4 *നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും ..........*

Phil 1:22 *എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതുതിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല.*

Not by their merit but by God's love and His choice.

നമ്മുടെ രക്ഷയ്ക്കായിയുള്ള ആദ്യപടി ദൈവംതന്നെ. His initiative and our response makes salvation.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് നമ്മെ രക്ഷയിലേക്കും അനുഗ്രഹത്തിലേക്കും വഴി നടത്തുന്നത്.

John 16:7-11 *എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്ക കൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ.*

Holy spirit, regenerates, indwells and baptizes christians in to the body of Christ.

നാം സുവിശേഷത്തിൽ, സുവിശേഷ സത്യത്തിൽ വിശ്വസിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആ സത്യവചനങ്ങളാൽ നമ്മെ വിശുദ്ധീകരിക്കുന്നു.

John 17:17 *സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു.*

2:14 യേശുക്രിസ്തു ഇന്ന് പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നു. ആ മഹത്വത്തിൽ പങ്കാളികൾ ആകാനത്രെ ഓരോ വിശ്വാസിയെയും ദൈവം വിളിച്ച് രക്ഷയുടെ ദാനം തന്നത്.

2:15 Stand firm

fleettech@gmail.com

www.gospelinmalayalam.com

1 Cor 16:13 *ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; ശക്തിപ്പെടുവിൻ.*

1 Thes 3:8 *നിങ്ങൾ കർത്താവിൽ നിലനില്ക്കുന്നു എന്നു അറിഞ്ഞു ഞങ്ങൾ വീണ്ടും ജീവിക്കുന്നു.*

- അഭക്തിയുടെ സംസ്കാരം നമ്മെ വീഴ്ത്താതിരിക്കട്ടെ.

- നമ്മുടെ സ്നേഹം തണുക്കാതെ കാത്തു സൂക്ഷിക്കാൻ നമുക്ക് ബാധ്യതയുണ്ട്.

- ദൈവവചനത്തിൽ ആഴമായുറച്ചു വിശ്വാസത്തിൽ സ്ഥിരതയോടെ നിൽക്കാൻ വിശ്വാസികൾ ശ്രദ്ധിക്കണം.

2:16 Prayer for strength 2:16-17

വി.പൗലൂസ് പ്രാർത്ഥിക്കുന്നു. To encourage them in the Lord. God's grace gives strength.

God also gives Hope.

2:17 തെസ്സലോനിക്യയിലെ വിശ്വാസികൾക്ക് ആവശ്യമായിരിക്കുന്നതും comfort (ആശ്വാസം) അത്രെ. പീഢനത്തിൽ, anxiety യിൽ, ദൈവം തന്നെ ആശ്വാസം പകരട്ടെ.

നല്ല പ്രവർത്തി ചെയ്യുവാൻ - കർത്താവിനായി ചെയ്യുന്ന എല്ലാ പ്രവർത്തികളെയും, അവർ ഉരുവിടുന്ന ഓരോ വാക്കും വിശ്വാസത്തിൽ അവരെ സ്ഥിരപ്പെടുത്തുവാൻ ഉപകരിക്കട്ടെ.

fleettech@gmail.com